തിരുവനന്തപുരം	-	56
കൊല്ലം	-	94
പത്തനംതിട്ട	-	18
ആലപ്പുഴ	-	134
കോട്ടയം	-	117
ഇടുക്കി	-	23
എറണാകുളം	-	184
തൃശ്ശൂർ	-	74
പാലക്കാട്	-	50
മലപ്പുറം	-	179
കോഴിക്കോട്	-	ഇല്ല
വയനാട്	-	17
കണ്ണൂർ	-	60
കാസർഗോഡ്	-	ഇല്ല

(ബി) ഉണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

ജനകീയ കമ്പ്യൂട്ടർ പരിശീലന കേന്ദ്രം നിലനിർത്തുന്നതിന് നടപടി

127 (3686) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.എസ്. ക്യാമ്പസിൽ പ്രവർത്തിച്ചിരുന്ന കേരളത്തിലെ ആദ്യത്തെ സ്കൂൾതല ജനകീയ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം കേന്ദ്രവിവര സങ്കേതിക മന്ത്രാലയത്തിന്റെ 11.50 ലക്ഷം രൂപയുടെ അവാർഡ് സ്കൂളിനു നഷ്ടപ്പെടും എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജനകീയ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പരിശീലനകേന്ദ്രം വഴി ഇതുവരെ എത്രപേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത ജനകീയ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം നിലനിർത്തുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) 2000-2001 അദ്ധ്യയന വർഷത്തിൽ ആരംഭിച്ചു.

(ഇ&എഫ്) സർക്കാരിന്റെയോ ഐ.റ്റി ആറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായോ അല്ലാതെ ആരംഭിച്ച പരിശീലനകേന്ദ്രമായതിനാൽ വിവരം ലഭ്യമല്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എൽ.ഡി.സി. തസ്തികകൾ

128 (3687) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര സർക്കാർ വി.എച്ച്.എസ്.ഇ. ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട് ;

(ബി) ഇവയിൽ എത്ര എൽ.ഡി.സി. തസ്തികകൾ ഉണ്ട് ;

(സി) ഈ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ മേഖലയിൽ 30 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും 46 ഹയർ സെക്കണ്ടറി സ്കൂളുകളും ഉണ്ട്.

(ബി) 30 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ കോഴ്സുകൾക്കായി 30 എൽ.ഡി.സി. തസ്തികകൾ ഉണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറിക്ക് മാത്രമായി എൽ.ഡി.സി. തസ്തികകൾ അനുവദിച്ചിട്ടില്ല.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ കോഴ്സുകൾക്ക് മാത്രമായുള്ള തസ്തികകളിൽ നാലുപേർ താല്ക്കാലികമായി ജോലി നോക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly